ജി1/2167/2007/ഉ.മേ

ഡെപ്യൂട്ടി ട്രാൻസ്പോർട്ട്
കമ്മീഷണറുടെ കാര്യാലയം,
ഉത്തരമേഖല, കോഴിക്കോട്
പിൻ – 673020
ഫോൺ നം.0495 2370985
ഇ-മെയിൽ
dtckkd@keralamvd.gov.in
തിയ്യതി – 10.08.2017

പ്രേഷിതൻ

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
ഉത്തരമേഖല, കോഴിക്കോട്.

സ്വീകർത്താവ്

റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ
കോഴിക്കോട്.

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ബഹു: സുപ്രീംകോടതി നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

സൂചന:-
1. ബഹു: ഗതാഗത കമ്മീഷണറുടെ 02.02.2017 തിയ്യതിയിലെ 38/Camp/TC/2017 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
2. ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ 22.03.2017 തിയ്യതിയിലെ ജി/2167/2007/ഉ.മേ നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
3. 02.06.2017 തിയ്യതിയിൽ എറണാകുളത്ത് വച്ച് നടന്നിട്ടുള്ള ഡി.റ്റി.സി.മാരുടെ യോഗത്തിലെടുത്ത തീരുമാനം.
4 ബഹു: ഗതാഗത കമ്മീഷണറുടെ 01.06.2017,16.06.2017 05.08.2017, 07.08.2017 തിയ്യതികളിലെ സി2/10571/ടിസി/2014 നമ്പർ കത്ത്.
5. താങ്കളുടെ ഓഫീസിൽ നിന്നും ലഭിച്ച 2017 ജൂലൈ മാസത്തെ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഷൻ സംബന്ധിച്ച വിവരങ്ങൾ.
6. ബഹു: ഗതാഗത കമ്മീഷണർ 09.08.2017 തിയ്യതിയിൽ നടത്തിയ വീഡിയോ കോൺഫറൻസ് നിർദ്ദേശങ്ങൾ.

മേൽ സൂചന ശ്രദ്ധിച്ചാലും. റോഡ് സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു: സുപ്രീംകോടതി നിയമിച്ചിട്ടുള്ള കമ്മിറ്റിയുടെ **"റോഡ് സുരക്ഷ"** സംബന്ധിച്ച കർശന നിർദ്ദേശങ്ങൾ ബഹു: ഗതാഗത കമ്മീഷണർ കത്തുകൾ മുഖേനയും തുടർന്ന് നടന്ന ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ കോൺഫറൻസിലും, വീഡിയോ കോൺഫറൻസുകളിലും താങ്കളെ അറിയിച്ചിരുന്നു.

എന്നാൽ, സൂചന '6' പ്രകാരം താങ്കൾ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ കണക്കുകൾ പരിശോധിച്ചതിൽ, ക്രമാതീതമായി വർദ്ധിച്ചു വരുന്ന റോഡപകടങ്ങളും തൻമൂലമുണ്ടാകുന്ന അപകടമരണങ്ങളും കുറയ്ക്കുന്നതിനായും എൻഫോഴ്സ്മെൻറ് ജോലികൾ ഫലപ്രദമായി നടത്തുന്നതിലും മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിലും താങ്കൾ ഗുരുതരമായ വീഴ്ച്ച വരുത്തിയതായി കാണുന്നു.

റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഉയർന്നുവരുന്ന അപകടമരണങ്ങൾ അടിയന്തിരമായി നിയന്ത്രണ വിധേയമാക്കുന്നതിനും, മരണനിരക്ക് കുറച്ചുകൊണ്ടുവരുന്നതിനും "ഓപ്പറേഷൻ സുരക്ഷ" മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് അനിവാര്യമാണ്.

എന്നാൽ ഫീൽഡ് സ്റ്റാഫും താങ്കളും മുഴുവൻ സമയവും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതിനു പകരം ജോലി സമയത്ത് സ്വകാര്യ ആവശ്യത്തിനായി പോലും പല ഉദ്യോഗസ്ഥരും ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നു. ഇതും ഒട്ടും ആശാസ്യമല്ല. സർക്കാർ ഉദ്യോഗസ്ഥരുടെ ജോലി സമയം 24 മണിക്കൂറും, എല്ലാ ദിവസവും ഉൾപ്പെടുമെന്നും, സാധാരണ ജോലിസമയത്ത് 10.15 മുതൽ 5.15 വരെ ഓഫീസിൽ ഉണ്ടായിരിക്കണമെന്നുള്ളതും, തുടർന്ന് ആവശ്യമാകുന്ന ഏതുസമയത്തും നാം ജോലിക്ക് തയ്യാറാകണമെന്നുള്ള കാര്യവും, ഹെഡ് ക്വാർട്ടേഴ്സ് വിടുന്നതിന് എല്ലാവർക്കും അനുമതി ആവശ്യമാണ് എന്ന കാര്യവും, ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

ആയതിനാൽ താങ്കളുടെ അധികാരപരിധിയിൽ എല്ലാ ഫീൽഡ് സ്റ്റാഫിനേയും ഉൾപ്പെടുത്തിക്കൊണ്ട് നിരന്തരം കർശന വാഹന പരിശോധന നടത്തേണ്ടതാണെന്നും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ മോട്ടോർ വാഹന നിയമചട്ടങ്ങൾക്ക് അനുസൃതമായും ബഹു: സുപ്രീംകോടതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നിർദ്ദിഷ്ട മാതൃകയിൽ എല്ലാ മാസവും 2-ാം തിയ്യതിക്കു മുമ്പായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. ഈ ഓഫീസിൽ ലഭ്യമാക്കുന്ന വിവരങ്ങൾ കൃത്യവും സത്യസന്ധവുമായിരിക്കണം. മാത്രവുമല്ല, ബഹു:ട്രാൻസ്പോർട്ട് കമ്മീഷണറുടെ കോൺഫറൻസുകളിൽ പങ്കെടുക്കുമ്പോൾ ഈ റിപ്പോർട്ട് തന്നെ സമർപ്പിക്കേണ്ടതുമാണ്. റിപ്പോർട്ട് സമയബന്ധിതമായി ലഭിക്കാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്. ഈ കാര്യത്തിൽ വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥർ കർശനമായ അച്ചടക്കനടപടികൾക്ക് വിധേയരാകേണ്ടി വരുമെന്ന കാര്യം അറിയിച്ചുകൊള്ളുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
ഉത്തരമേഖല, കോഴിക്കോട്.